بسم الله الرحمن الرحيم

| റജിസ്ററർ നമ്പർ |
| --- |
| |

# LEARN THE QUR-AN
## III EXAMINATION FOR PART 28.
## 2003 DECEMBER

A

| Sign. Of Invigilator |
| --- |
| |

(റിയാദ് ഇന്ത്യൻ ഇസ്‌ലാഹീ സെൻറർ ഖുർആൻ പഠന പരീക്ഷാ പദ്ധതി)

സമയം: 2 മണിക്കൂർ

മാർക്ക് :100

**പരീക്ഷാ ചോദ്യക്കടലാസ്**

<u>ഉത്തരക്കടലാസ് അസാധുവാകാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.</u>

റജിസ്ററർ നമ്പർ മുകളിലെ കോളത്തിൽ വ്യക്തമായി എഴുതുക.
ഇൻവിജിലേററർ നിശ്ചിത സ്ഥാനത്ത് ഒപ്പ് വെച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.
ഏററവും ശരിയായ ഉത്തരത്തിനു നേരെ മാത്രം ✔അടയാളപ്പെടുത്തുക
വെട്ട്, തിരുത്ത് ഒഴിവാക്കുക.
പരീക്ഷാ ക്രമക്കേടുകൾ ഉണ്ടാകാതിരിക്കുക.

<u>എല്ലാ ചോദ്യങ്ങൾക്കും ഓരോ മാർക്ക് വീതം</u>

1. ഹിറാഅ് ഗുഹയിൽ പ്രവാചകൻെറ അടുക്കൽ ജിബ്‌രീൽ(അ) പ്രത്യക്ഷപ്പെട്ട് ആദ്യമായി പറഞ്ഞ വാക്കുകൾ ?

   A, നിന്നെ സൃഷ്ടിച്ച നിൻെറ രക്ഷിതാവിൻെറ നാമത്തിൽ വായിക്കുക

   B, താങ്കൾ ഈ സമുദായത്തിലേക്ക് അല്ലാഹുവിങ്കൽ നിന്നുള്ള ദൂതനാകുന്നു.

   C, മുഹമ്മദേ സന്തോഷിച്ചു കൊള്ളുക ഞാൻ ജിബ്‌രീലാണ്.

   D, മുഹമ്മദേ, താങ്കളെ അല്ലാഹു പ്രവാചകനായി തിരഞ്ഞെടുത്തിരിക്കുന്നു.

2. ഇമാം ബുഖാരി ഉദ്ധരിക്കുന്ന ഹദീസിൽ റസൂൽ തിരുമേനി(സ) ''ഞാൻ നമസ്കാരം ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുമ്പോൾ ശിശുക്കളുടെ ശബ്ദം കേൾക്കുകയും അപ്പോൾ അവരുടെ മാതാക്കൾക്ക് വിഷമമുണ്ടാകരുതെന്ന് കരുതി ചുരുക്കുകയും ചെയ്യും'' മുഫസ്സിർ ഇവിടെ പ്രത്യേകം ചൂണ്ടിക്കാണിക്കുന്ന കാര്യം എന്താണ് ?

   A, ജുമുഅ ജമാഅത്തുകളിൽ നബിയുടെകാലത്ത് സ്ത്രീകൾ സാധാരണ പങ്കെടുത്തിരുന്നു.

   B, കരയുന്ന കുട്ടികളെ പള്ളികളിൽ പ്രവേശിപ്പിക്കാതിരിക്കലാണ് ഉത്തമം.

   C, പുറകിൽ നിൽക്കുന്നവരുടെ വിഷമങ്ങൾ ഇമാം അിറഞ്ഞിരിക്കണം.

   D, ജുമുഅ പുരുഷന്മാരെ പോലെ സ്ത്രീകൾക്ക് നിർബന്ധമില്ല.

3. ''ശിശുവായിരിക്കെ അദ്ദേഹത്തിന് നാം ഹുക്മ് കൊടുത്തു'' (മറിയം). ഇത് ആരെ സംബന്ധിച്ചാണ് ?

   A, യഹ്‌യ  B, സക്കരിയ്യ  C, ഈസ  D, ദാവൂദ്

4. ''നിങ്ങളുടെ ഹൃദയങ്ങൾ ചെരിഞ്ഞു പോയിരിക്കുന്നു'' (തഹ്‌രീം) ആരുടെ

   A, വിശ്വാസികൾ  B, കപട വിശ്വാസികൾ

   C, സ്വഹാബികൾ  D, ചില പ്രവാചക പത്നിമാർ

5. ത്വലാഖ് (വിവാഹമോചനം) ചെയ്യപ്പെട്ട സ്ത്രീക്ക് ഇദ്ദ കാലത്ത് താമസവും ഭക്ഷണവും നൽകേണ്ടത് ?

   A, ഭർത്താവാണ്  B, പിതാവാണ്

   C, ഭർതൃകുടുംബമാണ്  D, മദ്ധ്യസ്ഥന്മാരാണ്.

6. മുസ്ഹഫ് എന്ന പദത്തിൻെറ അർത്ഥം ?

   A, ഒന്നിനു പുറകെ ഒന്നായി അടുക്കപ്പെട്ടത്

   B, രണ്ട് ചട്ടക്കിടയിൽ ഏടാക്കി വെക്കപ്പെട്ടത്

   C, പേജുകളിലായി എഴുതപ്പെട്ടത്

   D, വായിക്കപ്പെടുന്നത്

7. മറിയമിൻെറ പിതാവ് ?

   A, സക്കരിയ്യ  B, യഹ്‌യ  C, ഇംറാൻ  D, അറിയപ്പെട്ടിട്ടില്ല

8. അല്ലാഹു പറയുന്നു: ളിഹാറിനെക്കുറിച്ച് ''നിശ്ചയം അവർ പറയുന്നത് ''

A, ആക്ഷേപകരമായ വാക്കും കളവുമാണ്

B, അബദ്ധമായ വാക്കും ആക്ഷേപവുമാണ്.

C, പൊള്ളയായ വാക്കും ദുരാചാരവുമാണ്.

D, കളവായ വാക്കും ആക്ഷേപവുമാണ്.

9. പ്രവാചകന്മാരുടെ ഉററ ബന്ധുക്കളായിരുന്നാലും വിശ്വാസവും സൽക്കർമ്മവുമില്ലെങ്കിൽ രക്ഷയില്ല എന്നതിന് ഉദാഹരണം (സൂറ തഹ്‌രീം)

A, ലൂത്ത് നബിയുടെ ഭാര്യ  B, ഇബ്റാഹീം നബിയുടെ പിതാവ്

C, നൂഹ് നബിയുടെ മകൻ  D, മുഹമ്മദ് നബിയുടെ പിതൃവ്യൻ

10. ഫിർഔനിൻെറ ഭാര്യയുടെ പ്രാർത്ഥനയിലെ ഒന്നാമത്തെ ആവശ്യം

A, സ്വർഗ്ഗത്തിലൊരു വീട്

B, ഫിർഔനിൽ നിന്നുള്ള രക്ഷ

C, ഫിർഔനിൽ പ്രവർത്തനങ്ങളിൽ നിന്നുള്ള രക്ഷ

D, അക്രമികളായ ജനങ്ങളിൽ നിന്നുള്ള രക്ഷ

11. വിശ്വസിച്ചവർക്ക് അല്ലാഹു ആദ്യം നൽകിയ ഉദാഹരണം ?

A, ഇംറാൻെറ മകൾ  B, ഫിർഔനിൻെറ ഭാര്യ

C, ഇബ്രാഹീമിൻെറ ഭാര്യ  D, മുഹമ്മദ് നബിയുടെ അശറ്റ

12. ''അല്ലാഹുവിനെ അനുസരിക്കുവീൻ; റസൂലിനേയും അനുസരിക്കുവീൻ'' (തഗാബുൻ) ഇവിടെ അനുസരണം

A, രണ്ടും രണ്ട് വിധത്തിലുള്ള അനുസരണമാകുന്നു

B, ഒന്ന് സ്വാപാധികവും മററൊററ് നിരുപാധികവുമാകുന്നു

C, അല്ലാഹുവിനല്ലാതെ മററാർക്കും അനുസരണം പാടില്ല

D, ഒരേ അനുസരണമാണ്, തരം തിരിവുകൾ ഇസ്‌ലാമിക പാഠങ്ങളിൽ പെട്ടതല്ല

13. ''എന്നിട്ട് അവർ രണ്ട് പേരും ഭർത്താക്കന്മാരെ വഞ്ചിച്ചു''. നൂഹിൻെറ ഭാര്യ ചെയ്ത വഞ്ചന ഏത് വിധമായിരുന്നു.

A, മതപ്രബോധനങ്ങൾക്ക് നേരെ കാപട്യം കാണിച്ചു

B, നാട്ടുകാരോട് അദ്ദേഹത്തിന് ഭ്രാന്താണെന്ന് പ്രചരിപ്പിച്ചു

C, ദുർവൃത്തികളിൽ ഗൂഢമായി നാട്ടുകാർക്ക് വിവരം നൽകിക്കൊണ്ടിരുന്നു

D, നാട്ടുകാരുടെ സന്തോഷത്തിന് കൂട്ട് നിന്നു

14. കപട വിശ്വാസികളുടെ ഹൃദയങ്ങളിൽ സീൽ വെക്കപ്പെട്ടിരിക്കുന്നു. അവർ സത്യം ഗ്രഹിക്കുന്നതല്ല. കാരണം അവർ

A, വിശ്വസിച്ചു പിന്നീട് അവിശ്വസിച്ചു

B, കപടമായി വിശ്വസിച്ചു പിന്നീട് വഞ്ചിച്ചു

C, അവിശ്വസിച്ചു പിന്നീട് കപടമായി വിശ്വസിച്ചു

D, കപട വിശ്വാസികളായി പിന്നീട് ധിക്കാരികളായി

15. ഇബ്റാഹീം നബിയെ പിന്തുടരൽ മാതൃകയില്ലാത്ത വിഷയം ?

A, ലോകം മുഴുവൻ എതിർത്താലും അല്ലാഹുവിനെ ഏകപ്പെടുത്തുക

B, അല്ലാഹു നൽകിയതെന്തും അല്ലാഹുവിനുവേണ്ടി സമർപ്പിക്കുക

C, ശിർക്കിൻെറ ആളുകളോട് തൗഹീദിൽ വിശ്വസിക്കുംവരെ ശത്രുത പ്രഖ്യാപിക്കുക

D, സ്വന്തം പിതാവിനു വേണ്ടി ആദർശം നോക്കാതെ അല്ലാഹുവോട് പാപമോചനം തേടുക

16. ''ജാഹിലിയ്യത്തിനെ -അജ്ഞാന കാലത്തെ - ക്കുറിച്ച് അറിയാത്തവന് ഇസ്‌ലാം അറിയുകയില്ല'' എന്ന ഉമർ(റ)വിൻെറ വചനം സൂചിപ്പിക്കുന്നത്

A, അവ രണ്ടിലും സാദൃശ്യങ്ങൾ പലതുമുണ്ട്.  B, അത് ഇസ്‌ലാമിൻെറ ഉറവിടമാണ്.

C, ജാഹിലിയ്യത്ത് ഇസ്‌ലാമിന് വിരുദ്ധമാണ്.

D, ഖുർആൻ വ്യാഖ്യാനിക്കുന്നവർ അത് ഇറങ്ങിയ പശ്ചാത്തലം അറിയണം.

17. ആത്മാർത്ഥമായ പശ്ചാത്താപം (توبة نصوحة) ന്റെ ഉപാധികളിൽ പെടാത്തത് ഏത് ?

A, ചെയ്തതിലെ ഖേദവും ഇനി ചെയ്യുകയില്ലെന്ന ദൃഢ നിശ്ചയവും

B, നിർവ്വഹിക്കാൻ ബാക്കിയുള്ള കടമ നിറവേററൽ

C, മാപ്പു ചോദിച്ചു കടമ നിറവേററുക, മേലിൽ നല്ല നില കൈക്കൊള്ളുക

D, ചെയ്തതിന് പ്രായശ്ചിത്തം കൊടുത്തു വീട്ടൽ

18. യജമാനൻ, അടിമ, ഉററവൻ, ചങ്ങാതി, അതിഥി, രക്ഷാധികാരി, സഹായി, ബന്ധു തുടങ്ങി 20 ൽ പരം അർത്ഥമുള്ള ഒരു വാക്കാണ്

A, മാലിക് B, അബ്ദ്

C, സ്വദീഖ് D, മൗല

19. "അവരോട് കൽപ്പിച്ചാൽ അവർ അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കുകയില്ല; അവരോട് കൽപ്പിക്കപ്പെടുന്നത് അവർ ചെയ്യുകയും ചെയ്യും " (തഹ്‌രീം) ആരോട് ?

A, മലക്കുകൾ B, സലഫു സ്വാലിഹുകൾ

C, സ്വഹാബികൾ D, അമ്പിയാക്കൾ

20. സത്യം ചെയ്ത് പൂർത്തിയാക്കാതിരുന്നാലുള്ള പ്രായശ്ചിത്തത്തിൽ ഉൾപ്പെടാത്തത്

A, പത്ത് ദരിദ്രർക്ക് ഭക്ഷണമോ വസ്ത്രമോ നൽകൽ

B, ഒരു അടിമയെ മോചിപ്പിക്കൽ

C, മൂന്ന് ദിവസം നോമ്പ് അനുഷ്ഠിക്കൽ

D, ഒരു മൃഗബലി നടത്തി പാവങ്ങൾക്ക് വിതരണം ചെയ്യൽ

21. "ഒരു ദേഹത്തോടും അല്ലാഹു അയാൾക്ക് നൽകിയതല്ലാതെ (ചിലവാക്കുവാൻ) അവൻ ശാസിക്കുകയില്ല" (ത്വലാഖ്) ഏത് വിഷയത്തിലേക്കാണ് ഇതിലുള്ള സൂചന.

A, സ്വദഖ (ഐഛിക ദാനം)

B, സകാത്ത് (നിർബന്ധ ദാനം)

C, മഹ്റ് (വിവാഹ മൂല്യം)

D, വിവാഹ മോചന ദ്രവ്യം

22. നമ്മുടെ പാഠഭാഗത്തിൽ പ്രവാചകനെ ഗുണദോഷിച്ച അദ്ധ്യായം ഏത് ?

A, തഗാബുൻ B, അബസ C, തഹ്‌രീം D, ത്വലാഖ്

23. ദാനധർമ്മങ്ങളിൽ ഏററവും ഉത്തമമായത് ഏത് (നബിവചനം)

A, ദാരിദ്ര്യത്തെ പേടിച്ചും ധനത്തെ മോഹിച്ചും ആരോഗ്യവാനും പിശുക്കനും ആയിരിക്കെ

B, പിശുക്ക് പേടിച്ചും ആരോഗ്യം മോഹിച്ചും ധനവാനും പിശുക്കനും ആയിരിക്കെ

C, ധനം മോഹിച്ചും പിശുക്ക് പേടിച്ചും പിശുക്കനും ആരോഗ്യവാനും ആയിരിക്കെ

D, ദാരിദ്ര്യം പേടിച്ചും ധനം മോഹിച്ചും ധനവാനും പിശുക്കനും ആയിരിക്കെ

24. തഗാബുൻ എന്ന അദ്ധ്യായത്തിലെ ഈ പദം എന്തിനെ സൂചിപ്പിക്കുന്നു.

A, അന്ത്യദിനം B, ലാഭ നഷ്ടം

C, വ്യക്തമാകുന്നത് D, തിട്ടപ്പെടുത്തുന്നത്

25. ധനത്തെ സംബന്ധിച്ച പരാമർശത്തിൽ തെറേത് ?

A, ധനം മനുഷ്യന്റെ നന്മക്കും തിന്മക്കും കാരണമാണ്.

B, ധനം മനഷ്യനെ പരീക്ഷിക്കാൻ നൽകിയതാണ്.

C, ധനം കുന്നുകൂടുന്നതിനും അധികരിപ്പിക്കുന്നതിനും ബുദ്ധിയും യോഗ്യതയും ആവശ്യമില്ല.

D, ധനം കിട്ടിയാൽ സ്വന്തം ആവശ്യങ്ങൾക്കെല്ലാം ചെലവഴിക്കാം.

26. "അവർക്ക് വേണ്ടി നീ പാപമോചനം തേടിയാലും ഇല്ലെങ്കിലും സമമാകുന്നു; അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുകയില്ല " ഇവിടെ നബിയുടെ പ്രാർത്ഥന ഫലപ്പെടുകയില്ല എന്ന് ഖുർആൻ പറയാൻ കാരണമെന്ത്

A, കപടവിശ്വാസികളായ അവർ തോന്നിവാസികളും കടുത്ത ധിക്കാരികളുമാണ്

B, നബി(സ)യുടെ എല്ലാ പ്രാർത്ഥനക്കും ഉത്തരം ലഭിക്കില്ല

C, നബി(സ) അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയില്ല.

D, നബി(സ)യുടെ പ്രാർത്ഥന കിട്ടാൻ അവർക്ക് ആഗ്രഹമില്ല.

27. സ്വഹാബിയായ ഇബ്നു അബ്ബാസ് (റ) വിൽ നിന്നും മുസ്ഹഫിൻെറ ആദ്യം മുതൽ അവസാനം വരെ ഓരോ ആയത്തിലും നിറുത്തി അതിനെപ്പററി ചോദിച്ചറിഞ്ഞുകൊണ്ട് മൂന്ന് പ്രാവശ്യം ഖുർആൻ പരിശോധന നടത്തിയ ഒരു താബിഇൗ പണ്ഡിതൻ ?

A, ഖത്താദ B, സഈദു ബ്നുൽ മുസയ്യബ്

C, ളഹ്ഹാക് D, മുജാഹിദ്

28. "നല്ല നാമങ്ങൾ അല്ലാഹുവിനുള്ളതാകുന്നു" സൂറ ഹശ്റിലെ ഈ പ്രസ്ഥാവന ഉൾപ്പെടുന്ന തുടർച്ചയായ മൂന്ന് ആയത്തുകളിൽ പറഞ്ഞ അല്ലാഹുവിൻെറ നാമങ്ങൾ എത്രയാണ് ?

A, 14 B, 16 C, 15 D, 17

29. സമ്പത്തും സന്തതികളും അല്ലാഹുവിനെ സ്മരിക്കുന്നതിന് കാരണമാകണം; മറിച്ച് സമ്പത്തും സന്താനങ്ങളും അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്നും നിങ്ങളെ അശ്രദ്ധരാക്കിയാൽ അവർ ? (സൂറ: മുനാഫിഖൂൻ)

A, നഷ്ടപ്പെട്ടവരാകും B, കഷ്ടപ്പെട്ടവരാകും

C, നരകാവകാശികളാകും D, വഴി പിഴച്ചവരാകും

30. ജുമുഅയിൽ നബി(സ)യുടെ പതിവിൽ പെട്ട കാര്യം

A, നമസ്കാരവും ഖുത്വുബയും ദീർഘിപ്പിക്കും

B, നമസ്കാരം ചുരുക്കുകയും ഖുത്വുബ ദീർഘിപ്പിക്കുകയും ചെയ്യും

C, നമസ്കാരം ദീർഘിപ്പിക്കുകയും ഖുത്വുബ ചുരുക്കുകയും ചെയ്യും

D, നമസ്കാരവും ഖുതുബയും മിതമായതാക്കും

31. നബി(സ)യുടെ മക്കാ വിജയ യാത്രയെക്കുറിച്ച് ശത്രുക്കൾക്ക് രഹസ്യ സന്ദേശം നൽകുകയും പിന്നീട് ഖേദിക്കുകയും ചെയ്ത സ്വഹാബി

A, താഹിബ് (റ) B, ബാതിഹ് (റ) C, ഹാതിബ് (റ) D, ബൽതഹ് (റ)

32. സൂറ മുംതഹിനയിലെ പരീക്ഷ ആരെക്കുറിച്ച്

A, വിശ്വസിച്ച അഭയാർത്ഥികളെ

B, രഹസ്യ സന്ദേശം കൈമാറുന്നവരെ

C, വീട് വിട്ട് പുറത്ത് പോയവരെ

D, ഹിജ്റയിൽ നിന്നും വിട്ട് നിന്നവരെ

33. ഫൈഅ് സ്വത്തിന് അവകാശമുണ്ടായിരിക്കെ സകാത്തിന് അവകാശമില്ലാത്തവർ ആരെല്ലാം

A, റസൂലും അടുത്ത കുടുംബവും

B, അനാഥകളും അഗതികളും

C, വഴിപോക്കർ

D, കടം കൊണ്ട് പ്രയാസപ്പെടുന്നവർ

34. ഇമാം ശാഫി(റ) പറഞ്ഞു: "ഉസ്മാൻ(റ) വോ മുആവിയ(റ) വോ ആരാവട്ടെ റസൂൽ (സ) യുടെ കാലത്തുള്ളതാണ് എനിക്ക് ഏററവും ഇഷ്ടപ്പെട്ടത്" എന്താണ് വിഷയം ?

A, ജുമുഅക്ക് ഒററ ബാങ്ക്

B, അറബി ഭാഷയിലുള്ള ഖുത്വുബ

C, വാളെടുക്കലും കൊടുക്കലും

D, മഅ്ശിറ വിളി

35. ളിഹാർ എന്ന ദുരാചാരം പുരാതന അറബികൾ ഉപയോഗിച്ചിരുന്നത്

A, വിവാഹ മോചനത്തിന് B, ഭാര്യമാരെ ആക്ഷേപിക്കാൻ

C, കോപം അകററാൻ D, മാതാക്കളെ നിന്ദിക്കാൻ

36. പ്രവാചകൻെറ ആഗമനം പ്രതീക്ഷിച്ചിരുന്ന ജൂതന്മാർ മുഹമ്മദ് (സ) വന്നപ്പോൾ വിശ്വസിക്കാതിരുന്നതിൻെറ കാരണത്തിൽ പെടാത്തത്

A, നബി(സ) അവരുടെ ഗോത്രക്കാരനായില്ല

B, നബി(സ) അവരുടെ അനാചാരങ്ങളെ അനുകൂലിച്ചില്ല

C, നബി(സ) ഖുറൈശിയാണ് ഇസ്റായീല്യനല്ലായിരുന്നു

D, നബി(സ) അവരെ തുരത്തും എന്ന് അറിഞ്ഞിരുന്നു

37. സൂറ മുജാദലയിലെ തർക്കിക്കുന്ന സ്ത്രീ ?

A, ഥഅ്ലബത്ത് B, ഖൗലത്ത് C, സാമിത്ത് D, ബിൻത് സാമിത്

38 ". .... . . . . . സൂറത്ത് പാരായണം ചെയ്യുന്ന വീട്ടിൽ നിന്നും പിശാച് വിറളിയെടുത്ത് പോകുന്നതാണ്" എന്ന നബിവചനത്തിൽ പറഞ്ഞ സൂറത്ത് ?

A, കഹ്ഫ് B, യാസീൻ C, ബഖറ D, മുൽക്

39. നിങ്ങൾ ഇരിക്കുന്നിടത്ത് മററൊരാൾക്ക് ഇരിക്കാൻ വിശാലതയുണ്ടാക്കി കൊടുത്താൽ

A, അല്ലാഹു പൊറുത്ത് കൊടുക്കും

B, പശ്ചാത്താപം സ്വീകരിക്കും

C, പടിപടിയായി ഉയർത്തും

D, പവിത്രന്മാരാക്കിത്തീർക്കും

40. "നിങ്ങൾ മൂന്ന് പേരായിരുന്നാൽ രണ്ട് പേർ തങ്ങളുടെ സ്നേഹിതനെ ഒഴിച്ച് നിർത്തി രഹസ്യ സംഭാഷണം നടത്തരുത്" ഇത് എന്തിൽ പെട്ടതാണ് ?

A, ഖുർആൻ B, നബി വചനം C, ഹദീസ് ഖുദ്സി D, അഥർ

41. സത്യവിശ്വാസികൾക്ക് അച്ചടക്ക മര്യാദകൾ പഠിപ്പിക്കുമ്പോൾ താഴെ പറയുന്നവയിൽ ഒന്ന് നബി(സ) മൂന്ന് തവണ ആവർത്തിച്ചു പറഞ്ഞിരുന്നു. ഏത് ?

A, "ഒരു അടിയനും മാപ്പ് ചെയ്യുന്നത് കൊണ്ട് അവന് പ്രതാപം അല്ലാതെ അല്ലാഹു വർദ്ധിപ്പിക്കുകയില്ല"

B, "ഏതൊരുവനും അല്ലാഹുവിന് വേണ്ടി വിനയം കാണിക്കുന്നതായാൽ അല്ലാഹു ഉയർത്താതിരിക്കില്ല"

C, "നിങ്ങളിൽ ബുദ്ധിയും വിവേകവുമുള്ളവർ എൻെറ അടുത്ത് വരട്ടെ, പിന്നീട് അവരോട് അടുത്തവർ"

D, "നിങ്ങൾ അങ്ങാടിത്തിരക്കുകൾ (അങ്ങാടിയിലെ പോലെ അച്ചടക്കമില്ലായ്മ) വർജ്ജിക്കണം "

42. ഏഴ് പ്രസിദ്ധരായ ഓത്തുകാരിൽ ഉൾപ്പെടാത്ത സ്വഹാബിയാണ്

A, അംറു ബ്നു ആസ് കൂഫി

B, ഇബ്നുആമിർ ശാമി

C, നാഫിഅ് ബ്നു അബ്ദുർറഹ്മാൻ മദനി

D, അബൂ അംറു ബ്നു അലാഉൽ ബസ്വരി

43. "എന്നിട്ട് ഇസ്റാഇൽ സന്തതികളിൽ ഒരു വിഭാഗം വിശ്വസിച്ചു; ഒരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു" (സ്വഫ്ഫ്) അവിശ്വസിച്ചവർ ആര് ?

A, യഹൂദികൾ B, ക്രിസ്ത്യാനികൾ C, ഹവാരിയ്യുകൾ D, മജൂസികൾ

44. വേദനാ ജനകമായ ശിക്ഷയിൽ നിന്ന് രക്ഷപ്പെടുത്തുന്ന കച്ചവടത്തിൻെറ മൂലധനം ?

A, സത്യവിശ്വാസം B, സൽ സ്വഭാവം

C, തൗഹീദ് D, സമ്പത്ത്കൊണ്ടും ശരീരം കൊണ്ടുമുള്ള ജിഹാദ്

45. നബി(സ)യുടെ പേരായി നമ്മുടെ പാഠഭാഗ വിശദീകരത്തിൽ ഹദീസിൽ വന്ന ഒരു പേര് ?

A, അബുൽ കാസിം B, അഹ്മദ് C, ത്വാഹ D, മാഹി

46. അല്ലാഹുവിൻെറ സ്വിഫത്തിൽ (വിശേഷണത്തിൽ)പെട്ടത് ഏത് ?

A, ബസ്വീർ B, മസ്വീർ C, യസീർ D, കഥീർ

47. നബി(സ)യുമായി രഹസ്യ സംഭാഷണം നടത്തേണ്ടവർ ഒരു ദാനധർമ്മം സമർപ്പിക്കണം എന്ന നിയമം വന്നു. ഇത് എന്തിനുവേണ്ടിയല്ല ?

A, വിലയേറിയ സമയം മുനാഫിഖുകൾ നഷ്ടപ്പെടുത്താതിരിക്കാൻ

B, നിഷ്കളങ്കരായ വിശ്വാസികളേയും കപടന്മാരേയും തിരിച്ചറിയാൻ

C, ദരിദ്രർക്ക് പ്രയോജനപ്പെടാനും ഉദ്ദേശ്യശുദ്ധിമൂലം പുണ്യം ലഭിക്കാനും

D, വിലപ്പെട്ട സമയം ഉപയോഗപ്പെടുത്തുന്നതിലൂടെ നബികുടുംബത്തിൻെറ പട്ടിണി മാററാൻ

48. ഖുർആൻ വ്യാഖ്യാനിക്കുന്ന മാർഗ്ഗങ്ങളിൽ ഏററവും നല്ല മാർഗ്ഗം

A, ഖുർആനിനെ ഖുർആൻ കൊണ്ട് വ്യാഖ്യാനിക്കൽ

B, പ്രാമാണിക തഫ്സീറുകൾക്ക് അനുസരിച്ച് വ്യാഖ്യാനിക്കൽ

C, ഖുർആനിനെ സുന്നത്ത് കൊണ്ട് വൗാഖ്യാനിക്കൽ

D, ഖുർആനിനെ സലഫുസ്വാലിഹുകൾ വ്യാഖ്യാനിച്ചത് അനുസരിച്ച് വ്യാഖ്യാനിക്കൽ

49. ജുമുഅ ബാങ്ക് വിളിച്ചാൽ കച്ചവടം ഒഴിവാക്കുക. ഇതിൻെറ താൽപര്യം

A, കൃഷി, ഓഫീസ് ജോലി മുതലായവ നടത്തുന്നതിൽ വിരോധമില്ല.

B, ബാങ്ക് വിളി കേൾക്കാത്തിടത്തോളം കച്ചവടം ചെയ്യാം.

C, ജുമുഅയിൽ പങ്കെടുക്കാൻ മുടക്കമാകുന്ന എല്ലാം വിരോധിച്ചിരിക്കുന്നു.

D, മററു ബാങ്കുകൾക്ക് കച്ചവടം ഒഴിവാക്കേണ്ടതില്ല.

50. മുനാഫിഖൂൻ എന്ന അദ്ധ്യായത്തിലെ വചനങ്ങൾ വ്യക്തമാക്കുന്നത് അല്ലാഹുവിന് കപട വിശ്വാസികളോടുള്ള

A, കഠിനമായ വെറുപ്പ് B, സ്വാഭാവികമായ സഹാനഭൂതി

C, പ്രകടമായ നിന്ദ D, വ്യക്തമായ ക്രോധം

51. മുനാഫിഖുകൾ ആര് ?

A, അമുസ്ലിം കുടുംബത്തിൽ ജനിച്ചവരും അമുസ്ലിം പേരിൽ അറിയപ്പെടുന്നവരും

B, മുസ്ലിംകളുടെ പൈതൃകമായ ആചാരങ്ങൾ ഒഴിവാക്കുന്നവർ

C, പേര്, ഭാഷ, കുടുംബം എല്ലാം മുസ്ലിമിൻേറത് പ്രവൃത്തി അമുസ്ലിമിൻേറത്

D, ഇസ്ലാമിനെ പ്രകടമായി എതിർക്കാത്ത അവിശ്വാസികൾ

52 "അല്ലാഹുവിൻെറ റസൂൽ തൃപ്തിപ്പെടുന്ന കാര്യത്തിലേക്ക് അല്ലാഹുവിൻെറ റസൂലിൻെറ ദൂതന് ഉതവി ചെയ്ത അല്ലാഹുവിന് സർവ്വസ്തുതിയും" ആര് ആരെ സംബന്ധിച്ച് പറഞ്ഞ വാക്കുകളാണിത് ?

A, ജിബ്രീൽ മുഹമ്മദ് നബി(സ)യെ B, മുഹമ്മദ് നബി(സ) ജിബ്രീലിനെ

C, അല്ലാഹു മുഹമ്മദ് നബി(സ)യെ D, മുഹമ്മദ് നബി(സ) മുആദ് (റ)വിനെ

53. മുസ്ഹഫിൽ ആദ്യമായി അക്ഷരങ്ങൾക്ക് പുള്ളിയും മററും കൊടുത്തതായി അറിയപ്പെടുന്നത് ആരുടെ കാലത്താണ് ?

A, അബ്ദുൽ മലിക് B, ഹജ്ജാജ് ബ്നു യൂസുഫ്

C, അബുൽ അസ്വദു ദ്ദുവലി D, ഉസ്മാൻ (റ)

54. "ഞാൻ നിങ്ങളോട് സത്യം പറയുന്നു; ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം, ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും അവൻ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും" (യോഹന്നാൻ സുവിശേഷം 16: 7,8) ആര് ആരെക്കുറിച്ച്

A, മൂസ ഈസയെക്കുറിച്ച്

B, ഇബ്രാഹീം മൂസയെക്കുറിച്ച്

C, ഈസ മുഹമ്മദ് നബിയെക്കുറിച്ച്

D, പിതാവ് പുത്രനെക്കുറിച്ച്

55. ഖുലഫാഉർ റാഷിദുകളിൽ നിന്നും കൂടുതൽ തഫ്സീറുകൾ നിവേദനം ചെയ്യപ്പെട്ടത്

A, അലി (റ) B, അബൂബക്കർ (റ) C, ഉസ്മാൻ (റ) D, ഉമർ (റ)

56. ജുമുഅ ഖുത്വുബയുടെ ലക്ഷ്യത്തിൽ പെടാത്തത്

A, ഖുർആൻ മനസ്സിലാക്കിക്കൊടുക്കുക

B, ഖുർആനിൻെറ വിവരണത്തിന് ഹദീസ് ഉൾക്കൊള്ളിക്കുക

C, ജനങ്ങളോട് സൂക്ഷ്മതയുള്ളവരാകാൻ ഉപദേശിക്കുക

D, അറബി ഭാഷയിൽ തന്നെ ഈണത്തിൽ പാടിക്കൊണ്ടിരിക്കുക

57. യഹൂദരിൽ നിന്നോ, ക്രിസ്ത്യാനികളിൽ നിന്നോ, അവരുടെ വേദഗ്രന്ഥങ്ങളിൽ നിന്നോ ഉദ്ധരിക്കുന്നവയുടെ പേരാണ്

A, ഇൽഹാമിയ്യാത്ത് B, ഇസ്റാഈലിയ്യാത്ത്

C, മുതശാബിഹാത്ത് D, മുഹ്കമാത്ത്

58. "മൂന്നാളുടെ രഹസ്യസംഭാഷണവും അവരിൽ നാലാമനായി അല്ലാഹു ഉണ്ടായിക്കൊണ്ടല്ലാതെ ഉണ്ടാകുന്നില്ല" (മുജാദല) ആരുടെ രഹസ്യ സംഭാഷണമാണ് പരാമർശിക്കപ്പെട്ടത്

A, സഹാബികൾ B, നബിയുടെ ഭാര്യമാർ C, ക്രിസ്ത്യാനികൾ D, യഹൂദർ

59. വഹ്യ് എന്നതിൻെറ ഭാഷാർത്ഥം ?

A, മണിയടിക്കുന്ന ശബ്ദം B, സ്വകാര്യമായി എത്തിക്കുക

C, ആംഗ്യ ഭാഷ D, കൃത്യമായി പറഞ്ഞുകൊടുക്കുക

60. വിവാഹ മോചിത ഗർഭിണിയാണെങ്കിൽ ചിലവിന് കൊടുക്കേണ്ടത്

A, 4 മാസം 10 ദിവസം B, പ്രസവം വരെ

C, മുലകുടി തീരും വരെ D, മൂന്ന് മാസം

61. ഒരു അടിമയെ മോചിപ്പിക്കുക, രണ്ട് മാസം തുടർച്ചയായി നോമ്പ് അനുഷ്ഠിക്കുക, അറുപത് സാധുക്കൾക്ക്ഭക്ഷണം നൽകുക. ഇത് നമ്മുടെ പാഠ ഭാഗത്ത് വിശദീകരിച്ച ഒരു പ്രായശ്ചിത്തമാണ് ഏത് തെററിനുള്ള പ്രായശ്ചിത്തമാണ്

A, സത്യം ചെയ്ത് ലംഘിച്ചാൽ B, ളിഹാറ് നടത്തിയാൽ

C, റമദാൻ വ്രത സമയം ഭാര്യാ ഭർതൃ ബന്ധത്തിലേർപ്പെട്ടവർ

D, അന്യായമായി വിവാഹമോചനം നടത്തിയവർ

62 വിജ്ഞാനത്തിൻെറ അടയാളമായി നബി(സ) പറഞ്ഞത്

A, നമസ്കാരം ദീർഘിപ്പിക്കലും ഖുതുബ ചുരുക്കലും

B, നമസ്കാരം ചുരുക്കലും സൽപ്രവർത്തനങ്ങൾ വർദ്ധിക്കലും

C, സൽകർമ്മം വർദ്ധിക്കലും പ്രസംഗം ചുരുക്കലും

D, വിശ്വാസം വർദ്ധിക്കലും സൽക്കർമ്മം വർദ്ധിക്കലും

63. ഖുർആൻ പാരായണം ചെയ്യുന്ന ഒരു വിഭാഗം ആളുകൾക്ക് രണ്ട് പ്രതിഫലമുണ്ട് എന്ന നബി വചനത്തിൽ പറയപ്പെട്ടത് ആര് ?

A, വിക്കി വിക്കി പാരായണം ചെയ്യുന്നവർ

B, അർത്ഥം അറിഞ്ഞു പാരായണം ചെയ്യുന്നവർ

C, തജ്‌വീദ് അനുസരിച്ച് പാരായണം ചെയ്യുന്നവർ

D, ഭക്തിയോടെയും തജ്‌വീദ് അനുസരിച്ചും പാരായണം ചെയ്യുന്നവർ

64. ളിഹാറിൻെറ പ്രായശ്ചിത്തമായി അടിമയെ മോചിപ്പിക്കാൻ കഴിയാത്തവർ

A, ഒരൊട്ടകത്തെ അറുത്ത് ദാനം ചെയ്യുക B, രണ്ട് മാസം നോമ്പ് അനുഷ്ടിക്കുക

C, 60 സാധുക്കൾക്ക് ഭക്ഷണം നൽകുക D, ബലി മൃഗത്തെ ദാനം ചെയ്യുക

65. ഖുർആൻ അവതരിച്ചത് لِسَانٌ مُبِينٌ 'ലിസാനുൻ മുബീൻ' (സ്പഷ്ടമായ ഭാഷയിലാണ്) എന്നതുകൊണ്ടുള്ള ഉദ്ദേശ്യം

A, പദസമ്പത്തുള്ള ഭാഷയിൽ B, നാവിന് വഴങ്ങുന്ന ഭാഷയിൽ

C, ഖുറൈശികളുടെ ഭാഷയിൽ D, സാഹിത്യ സമ്പന്ന ഭാഷയിൽ

66. "ആരെങ്കിലും അല്ലാഹുവിൻെറ കിതാബിൽ തൻെറ അഭിപ്രായമനുസരിച്ച് പ്രസ്താവിക്കുകയും, എന്നിട്ടത് നേരായിരിക്കുകയും ചെയ്താലും അവൻ പിഴച്ചുപോയി" (ഹദീസ്) നേരായിട്ടും പിഴച്ചുപോകാനുള്ള കാരണം ?

A, അവൻ തനിക്കു വിവരമില്ലാത്തതിനായി സാഹസം കാണിക്കുകയും കൽപ്പിക്കാത്തതിൽ തലയിടുകയുമാണ് ചെയ്യുന്നത്

B, അറിവില്ലാത്തവൻ വിധിപറയാൻ പാടില്ല

C, ഖുർആനിനെ ഖുർആൻകൊണ്ട് മാത്രമാണ് വ്യാഖ്യാനിക്കേണ്ടത് എന്നതിന് ലംഘനമാണ് ചെയ്തത്

D, ഖുർആനിനെ വ്യാഖ്യാനിക്കുന്നവൻ ആദ്യമായി അനുവാദം വാങ്ങിയിരിക്കണം.

67. شُحّ 'ശുഹ്ഹ്' എന്ന പദത്തിൻെറ ശരിയായ അർത്ഥം

A, പിശുക്കോട് കൂടിയ ആർത്തിയും മററുള്ളവർക്ക് കിട്ടരുതെന്ന ചിന്തയും

B, ലുബ്ധതയോടെയുള്ള ജീവിതവും അന്യരുടെത് നശിക്കണമെന്ന ആഗ്രഹവും

C, തൻെറ കയ്യിലുള്ളതിനോടുള്ള ഇഷ്ടവും മററുള്ളവരുടേത് കിട്ടണമെന്ന മോഹവും

D, കൈവശമുള്ളത് ചിലവഴിക്കാതെയുള്ള ലുബ്ധതയും മററുള്ളവരുടെ കയ്യിലുള്ളത് കൂടി ലഭിക്കണമെന്ന് മോഹവും.

68. ഖുർആനിലും ഹദീസിലും വന്നിട്ടുള്ളതായ, അല്ലാഹുവിൻെറ എല്ലാ നാമങ്ങളുടേയും അന്തസാരങ്ങൾ ഉൾക്കൊള്ളുന്ന വാക്കാണ്

A, ഇലാഹ് B, റഹ്മാൻ C, റഹീം D, ബാരിഅ്

69. മതോപദേശാർത്ഥം നബി(സ) അയച്ചുകൊടുത്ത 70 ഖുർറാഉകളെ ശത്രുക്കൾ കൊലപ്പെടുത്തിയത് എവിടെ വെച്ചായിരുന്നു.

A, ബിർ റൂമ B, ദൂമതു ജൻദൽ C, ബീർ മഊന D, ബീർ ഉഥ്മാൻ

70. "സ്വർഗ്ഗ വാസികളും നരക വാസികളും തുല്യരല്ല; സ്വർഗ്ഗവാസികൾ, അവർ . . . . . .(ഹശ്ർ)

A, തൃപ്തിപ്പെട്ടവരാണ് B, രക്ഷപ്പെട്ടവരാണ്

C, കരുണചെയ്യപ്പെട്ടവരാണ് D, വിജയിങ്ങവരാണ്

71. ക്രിസ്ത്യാനികൾ ഈസ (അ)യെ ദൈവപുത്രനായി കാണുന്നത് പോലെ യഹൂദർ ദൈവ പുത്രനായി വാദിച്ചിരുന്നത് . . . . . . . .ആയിരുന്നു.

A, ഉസൈർ (അ) B, ഖിള്ർ (അ) C, മൂസാ (അ) D, ആദം നബി(അ)

72. മരണ സമയം, അൽപം കൂടി ആയുസ്സ് നീട്ടിത്തരണേ ഞാൻ നല്ലവനായി കഴിയാം എന്ന് പറയുന്ന മനുഷ്യന് അല്ലാഹു ഒരു നിമിഷം പോലും നീട്ടിക്കൊടുക്കുന്നതല്ല. കാരണം

A, അവർ ചെയ്യുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മമായി അറിയും

B, അവർ പഴ അവസ്ഥയിലേക്ക് തന്നെ തിരിച്ചു പോകും

C, അവർ പറഞ്ഞതെല്ലാം മറന്ന് വാക്ക് ലംഘിക്കും

D, ആരോഗ്യാവസ്ഥ അവരെ ആത്മശക്തിയുള്ളവരാക്കും

73. "മേൽ പറഞ്ഞ വിധത്തിലെല്ലാം ഞാൻ നിന്നെ പരീക്ഷണം നടത്തിയ ശേഷം മുൻകൂട്ടിയു യുള്ള എൻെറ നിശ്ചയമനുസരിച്ച് നീ ഇവിടെ വന്നെത്തിയിരിക്കുകയാണ്. എൻെറ ദൗത്യ നിർവ്വഹണത്തിനായി ഞാൻ നിന്നെ തിരഞ്ഞെടുത്ത് ശരിപ്പെടുത്തിയിരിക്കുകയാണ് " (ത്വാഹ 40,41) ഇത് അല്ലാഹു ആരോട് പറഞ്ഞതാണ് ?

A, ഇബ്റാഹീം നബി(അ) B, മുഹമ്മദ് നബി(സ)

C, മൂസാ നബി (അ) D, ഈസാ നബി(അ)

74. അന്ത്യദിനം എന്ന് അർത്ഥം സൂചിപ്പിക്കുന്ന പേരുള്ള ഒരു അദ്ധ്യായം

A, തഗാബുൻ B, ഹശ്റ് C, മുംതഹിന D, ജുമുഅ

75. (മുഅ്ജിസത്ത്) അമാനുഷിക ശക്തിയെക്കുറിച്ച് പറഞ്ഞതിലെ ശരിയേത് ?

A, പ്രവാചകന്മാർക്ക് ആവശ്യമായ സമയത്ത് സ്വയം ഉപയോഗിക്കാനുള്ള ദിവ്യശക്തി

B, അല്ലാഹുവിൻെറ ഉററ ബന്ധുക്കൾക്ക് അവൻ നൽകുന്ന സിദ്ധികൾ

C, പ്രവാചകന്മാരെ ആദരിക്കാൻ അല്ലാഹു നൽകുന്ന കഴിവുകൾ

D, അല്ലാഹു ഉദ്ദേശിക്കുമ്പോൾ മാത്രം പ്രവാചകന്മാരിലൂടെ അല്ലാഹു വെളിവാക്കുന്ന അമാനുഷിക കഴിവുകൾ

76. സ്വഹാബികൾ ഖുർആൻ പഠനത്തിൽ ഏററവും പരികണന നൽകിയ കാര്യം

A, പാരായണ നിയമവും ശൈലിയും ശെരിപ്പെടുത്തുക

B, ഹൃദിസ്തമാക്കുകയും ചികിൽസക്കും മന്ത്രത്തിനും ഉപയോഗിക്കുക

C, പഠിച്ച ഭാഗങ്ങൾ പ്രാവർത്തികമാക്കിയ ശേഷം ബാക്കി പഠിക്കുക

D, പഠിച്ചവ ഭംഗിയായി എഴുതി അലങ്കരിക്കുക

77. "മുഖത്ത് മാംസമില്ലാതെ പരലോകത്ത് വരുന്നവർ" നബിവചനം

A, ഖുർആൻ പഠിക്കാതെ മുഖം തിരിച്ചവർ

B, ഖുർആൻ പഠിച്ചിട്ടും ധിക്കരിച്ചു ജീവിച്ചവർ

C, അർത്ഥവും ആശയവും അറിയാതെ ദുരുപയോഗപ്പെടുത്തിയവർ

D, ഖുർആൻ ഓതി ജനങ്ങളോട് യാചിച്ചു തിന്നുന്നവർ

78. വിശുദ്ധ ഖുർആനിൻെറ അവതരണ ലക്ഷ്യമായി ഖുർആനിൽ പറയാത്തത് ഏത്

A, ബുദ്ധികൊടുത്ത് ചിന്തിക്കുവാൻ

B, ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരാൻ

C, ജീവസ്സുള്ളവർക്ക് താക്കീതു നൽകുവാൻ

D, മരിച്ചവർക്ക് പുണ്യത്തിന് ഓതിക്കൊടുക്കുവാൻ

79. സൂറത്ത് തഹ്രീമിൻെറ വിവരണത്തിൽ പറയപ്പെട്ട പ്രവാചക പത്നിമാർ

A, ആയിഷ, ഹഫ്സ, സൈനബ (റ) B, ആയിഷ, സൗദ, സൈനബ (റ)

C, ആയിഷ, സൗദ, സഫിയ(റ) D, സഫിയ, ഹഫ്സ, സൈനബ (റ)

80. "നിങ്ങളെ അദ്ദേഹം വിവാഹമോചനം ചെയ്യുന്ന പക്ഷം, നിങ്ങളേക്കാൾ ഉത്തമരായവരെ അദ്ദേഹത്തിൻെറ റബ്ബ് അദ്ദേഹത്തിന് പകരം നൽകിയേക്കും" (തഹ്രീം) പകരക്കാരുടെ യോഗ്യതയായി പറഞ്ഞ കൂട്ടത്തിൽ പെടാത്തത്

A, വിശ്വാസിനികൾ B, കന്യകകൾ C, വ്രതം ആചരിക്കുന്നവർ D, സൗന്ദര്യവതികൾ

81. ഖുർആൻ ഫലം ചെയ്യുവാൻ ഒത്തുചേരേണ്ട ഗുണങ്ങൾ ഏവ ?

A, ബുദ്ധി, ശ്രദ്ധ, ചിന്ത, നിഷ്പക്ഷത, നിരുപാധിക അംഗീകാരം.

B, വിശ്വാസം, സൂക്ഷ്മതാ ബോധം, ബുദ്ധി, യുക്തി, ചിന്ത.

C, പാണ്ഡിത്യം, ഭയഭക്തി, ചിന്താശേഷി.

D, ബുദ്ധി, ശ്രദ്ധ, പാണ്ഡിത്യം, സത്യം അംഗീകരിക്കൽ

82. അല്ലാഹുവിൽ നിന്ന് തിരുവചനങ്ങൾ നേരിൽ കേൾക്കാൻ ഭാഗ്യം ലഭിച്ച നബിയാണ്

A, മുഹമ്മദ് (സ) B, ഇബ്രാഹീം (അ) C, മൂസാ(അ) D, ഈസ(അ)

83. ഖുർആൻ പാരായണ നിയമത്തിൽ ق (ഖാഫ്) എന്തിനെ സൂചിപ്പിക്കുന്നു

A, നിറുത്തേണ്ട ആവശ്യമില്ല B, നിർത്തുകയും നിർത്താതിരിക്കുകയും ആവാം

C, നിർത്തുന്നതിൽ വിരോധമില്ല D, നിർത്തുന്നതാണ് നല്ലത്

84. ഇസ്തിർജാഅ് കൊണ്ടുള്ള ഉദ്ദേശം താഴെ പറയുന്നത് ഉരുവിടലാണ്

A, ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാ B, ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ

C, മാശാ അല്ലാഹു തബാറകല്ലാഹ് D, റളിയല്ലാഹു അൻഹു

85. ഖുർആൻ ക്രോഡീകരണത്തിന് ഏൽപ്പിക്കപ്പെട്ട സ്വഹാബി

A, സൈദ് ബ്നു ഹാരിഥ് B, സൈദു ബ്നു സാബിത്

C, ഉസാമതു ബ്നു സൈദ് D, സാബിത് ബ്നു ഖൈസ്

86. ഭർത്താവുമായി സ്പർശനമുണ്ടാകുന്നതിന് മുമ്പ് ത്വലാഖ് ചെയ്യപ്പെട്ടവളുടെ ഇദ്ദ കാലം

A, മൂന്ന് മാസം B, മൂന്ന് ആർത്തവ/ശുദ്ധി കാലം

C, ഇദ്ദ വേണ്ടതില്ല D, നാൽപത് ദിവസം

87. നബി(സ) ഒരു വിഭാഗത്തെ ഗ്രന്ഥം പേറുന്ന കഴുതയെപ്പോലെയാണ് എന്ന് വിശേഷിപ്പിച്ചു. (ഹദീസ്) ആരാണ് പ്രസ്തുത വിഭാഗം

A, തൗറാത്ത് ഉൾക്കൊള്ളാത്ത ജൂതന്മാർ B, ഖുതുബ സമയത്ത് സംസാരിക്കുന്നവർ

C, ഖുർആൻ ഉൾക്കൊള്ളാത്ത മുസ്‌ലിംകൾ D, പ്രവാചകനെ നിന്ദിക്കുന്നവർ

88. 40 വയസ്സായ സന്ദർഭത്തിൽ നബി(സ) ഹിറാ ഗുഹയിൽ പോയിരുന്നത്

A, പ്രവാചകത്വം സ്വീകരിക്കാൻ B, ആത്മ സംയമനം പാലിക്കാൻ

C, ഏകാന്തനായി ആരാധന ചെയ്യാൻ D, അല്ലാഹുവിൻെറ മാർഗ്ഗദർശനം ലഭിക്കാൻ

89. സ്ത്രീകളെ ത്വലാഖ് (വിവാഹമോചനം) ചെയ്യുന്നതിന് ഖുർആൻ പറഞ്ഞ സന്ദർഭം

A, കുടുംബ കലഹമുണ്ടാകുമ്പോൾ

B, അപസ്വരങ്ങളും അസ്വസ്തതകളും ഉണ്ടാകുമ്പോൾ

C, ഒരുമിച്ചുള്ള ജീവിതം മുന്നോട്ട് പോകില്ലെന്ന് ഉറപ്പ് വരുമ്പോൾ

D, ശുദ്ധിയായിരിക്കുകയും ഇദ്ദയെ എണ്ണിക്കണക്കാക്കുകയും ചെയ്ത ശേഷം

90. സ്ത്രീകളെ സംബന്ധിച്ച മിക്കവാറും കൽപ്പനകളോടൊപ്പം അല്ലാഹു ഓർമ്മിപ്പിക്കുന്ന ഒരു താക്കീതാണ് നിങ്ങൾ

A, പൂർവ്വ കാല ശിക്ഷകൾ ഓർമ്മിക്കുക

B, അല്ലാഹുവെ സൂക്ഷിക്കുക

C, നിങ്ങൾ പരലോകം മറക്കാതിരിക്കുക

D, നരകത്തെ ഭയപ്പെടുക

91. "അല്ലാഹുവിന് നല്ല നിലയിൽ വായ്പ കൊടുക്കുക (അല്ലാഹു കൽപ്പിച്ച വഴിയിൽ ചിലവഴിക്കുക) " (തഗാബുൻ) അല്ലാഹു അവർക്ക് പകരം നൽകുമെന്ന് പറഞ്ഞ വിഭവങ്ങൾ ഏത്

A, ഇരട്ടികളായി തിരിച്ചുകൽകും, പാപമോചനം നൽകും, അല്ലാഹു നന്ദിയുള്ളവനും സഹനശീലനും ആകും

B, ഇരട്ടികളായി തിരിച്ചുകൽകും, സ്വർഗ്ഗം നൽകും, അല്ലാഹു നന്ദിയുള്ളവനും സഹനശീലനും ആകും

C, അവരുടെ സമ്പത്ത് വർദ്ധിപ്പിച്ച് നൽകും, പാപമോചനം നൽകും, അല്ലാഹു നന്ദിയുള്ളവനും സഹനശീലനും ആകും

D, ഇരട്ടികളായി തിരിച്ചുകൽകും, പാപമോചനം നൽകുക, അല്ലാഹു നന്ദിയുള്ളവനും കരുണയുള്ളവനും ആകും

92. സത്യവിശ്വാസികൾ (അവരുടെ പ്രശ്നങ്ങൾ എല്ലാം) ഭരമേൽപ്പിക്കേണ്ടത്

A, ബുദ്ധിക്കും യുക്തിക്കും അനുസരിച്ച് കാര്യം നടക്കും എന്ന് തോന്നുന്നിടത്ത്

B, അതാത് വിഷയങ്ങൾക്ക് ബന്ധപ്പെട്ട അധികാരികളിൽ

C, അവരവർക്ക് ഗുണം ലഭിക്കുന്ന ഔലിയാക്കളിൽ

D, ആരാധനക്ക് അർഹനായ അല്ലാഹുവിൽ

93. ''നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ മക്കളും ഒരു പരീക്ഷണം മാത്രമാണ്'' (തഗാബുൻ) എന്ന് അറിയിച്ച ശേഷം അല്ലാഹു ആവശ്യപ്പെടുന്ന കാര്യം

A, നിങ്ങളുടെ സമ്പത്ത് നല്ല മാർഗ്ഗത്തിൽ ചിലവഴിക്കുവീൻ

B, നിങ്ങൾക്ക് സാധ്യമാകും പ്രകാരം അല്ലാഹുവിനെ സൂക്ഷിക്കുവീൻ

C, നിങ്ങളുടെ കുടുംബത്തെ നരകത്തിൽ നിന്ന് രക്ഷപ്പെടുത്തുവീൻ

D, നിങ്ങൾ നരകത്തെ ഭയപ്പെടുവീൻ

94. ''നിങ്ങൾ ഏകനായ അല്ലാഹുവിൽ വിശ്വസിക്കുന്നത് വരെ നമ്മൾ പരസ്പരം ശത്രുക്കളാണ്) ഇത് ആര് ആരോട് പറഞ്ഞതാണ്

A, മുഹമ്മദ് നബി ഖുറൈശികളോട്

B, ഇബ്റാഹീം നബി തൻെറ ജനതയോട്

C, മൂസാ നബി ഇസ്റാഈല്യരോട്

D, അല്ലാഹു മനുഷ്യരോട്

95. ''സത്യവിശ്വാസികൾ അല്ലാഹു കോപിച്ചവരുമായി മൈത്രിയുണ്ടാക്കരുത്; അവർ പരലോക കാര്യത്തിൽ നിരാശപ്പെട്ടവരാണ്'' ഉദാഹരണമായി പറഞ്ഞതെന്ത് ?

A, ഖബറുകളിലുള്ളവരെ സംബന്ധിച്ച് നിഷേധികൾ നിരാശപ്പെട്ടത് പോലെ

B, സ്വർഗ്ഗത്തെക്കുറിച്ച് മുശ്രികുകൾ നിരാശപ്പെട്ടത് പോലെ

C, അല്ലാഹുവിൻെറ സഹായത്തിൽ നിന്ന് മുനാഫികുകൾ നിരാശപ്പെട്ടത് പോലെ

D, അല്ലാഹുവിൻെറ കാരുണ്യത്തിൽ നിന്ന് ധിക്കാരികൾ നിരാശപ്പെട്ടത് പോലെ

96. ''ആ സ്ത്രീകൾ അവർക്കോ അവർ ആ സ്ത്രീകൾക്കോ അനുവദനീയമല്ല'' സത്യ നിഷേധികളും വിശ്വാസിനികളും, വിശ്വാസികളും സത്യ നിഷേധികളായ സ്ത്രീകളും വിവാഹ ബന്ധം പാടില്ലെന്ന് വ്യക്താമാക്കുന്ന ഈ സൂക്തം ഏത് അദ്ധ്യായത്തിലാണ് ?

A, നിസാഅ്  B, ത്വലാഖ്  C, തഹ്‌രീം  D, മുംതഹിന

97. അഭയാർത്ഥിനികളായി വന്ന സ്ത്രീകൾ നൽകേണ്ട ബൈഅത്തിൽ (പ്രതിജ്ഞയിൽ) പെടാത്ത കാര്യം ഏത് ?

A, ശിർക്ക്  B, വ്യഭിചാരം

C, മദ്യപാനം  D, മോഷണം

98. സുന്നത്തിനോട് യോജിക്കുന്ന ശരിയായ ത്വലാഖിൽ ഉൾപ്പെടുന്നത് ഏത്

A, ഗർഭവതിയായവളുടെ ത്വലാഖ്

B, ബന്ധപ്പെട്ട ശേഷം ഗർഭവതിയാണോ എന്ന് അറിയാത്ത ശുദ്ധികാലത്തുള്ള ത്വലാഖ്

C, ആർത്തവ കാലത്തുള്ള ത്വലാഖ്

D, ഗർഭവതിയാണോ എന്ന് അറിയാത്ത ആർത്തവ കാലത്തുള്ള ത്വലാഖ്

99. നമ്മുടെ ഈ പരീക്ഷാ പാഠ ഭാഗത്തിൽ യാ അയ്യുഹല്ലദീന ആമനൂ (സത്യവിശ്വാസികളേ) എന്ന അഭിസമ്പോദനയോടെയുള്ള ആയത്ത് ഉൾക്കൊള്ളാത്ത അദ്ധ്യായം ഏത് ?

A, മുജാദല  B, ത്വലാഖ്

C, തഹ്‌രീം  D, ഹശ്‌റ്

100. ''എൻെറ റബ്ബ് തന്നെയാണ് സത്യം നിശ്ചയമായും നിങ്ങൾ എഴുന്നേൽപ്പിക്കപ്പെടും'' പുനർജന്മം ഉണ്ടാകും എന്ന് സത്യം ചെയ്തതോടൊപ്പം അതേ ഗൗരവത്തിൽ ഓർമ്മപ്പെടുത്തിയ മറെറാരു കാര്യം ഏത് (തഗാബുൻ)

A, നിങ്ങൾ നമ്മിലേക്ക് ഒരുമിച്ചു കൂട്ടപ്പെടും

B, നിങ്ങൾ പ്രവർത്തിച്ചതിനെ സംബന്ധിച്ച് വൃത്താന്ത മറിയിക്കപ്പെടും

C, നിങ്ങൾ കൃത്യമായി വിചാരണ ചെയ്യപ്പെടുകയും ചെയ്യും

D, നിങ്ങൾ നരകം കാണിക്കപ്പെടുകയും ചെയ്യും